TB Movie Panel Weekly Review

**#moviepanel**

Bullet Train

Written By : Sajan Ramanandan

2022 ൽ റിലീസ് ചെയ്ത ആക്ഷൻ കോമഡി ചിത്രമാണ് ബുള്ളറ്റ് ട്രെയിൻ. കറ്റാറോ ഇസാക്കയുടെ ജപ്പാനീസ് നോവൽ "മരിയ ബീറ്റിൽ" സ്ക്രീനിലേയ്ക്ക് അഡാപ്റ്റ് ചെയ്തിരിക്കുന്നത് സാക് ഓൾക്കെവിച്. നായകനായ ബ്രാഡ് പിറ്റിന്റെ സ്റ്റണ്ട് ഡബിൾ ആയിരുന്ന ഡേവിഡ് ലെയ്ട്ടിച് ആണ് സിനിമ സംവിധാനം ചെയ്തിരിക്കുന്നത്. Fight Club, Ocean's Eleven, Troy, Mr & Mrs Smith തുടങ്ങിയ ചിത്രങ്ങളിൽ സ്റ്റണ്ട് ഡബിൾ ആയിരുന്ന ഡേവിഡ് Atomic Blonde, Dead Pool 2, Fast & Furious : Hobbs & Shaw എന്നീ സിനിമകൾ സംവിധാനം ചെയ്തിട്ടുണ്ട്. ജോൺ വിക്കിലും അദ്ദേഹത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നു.

ബ്രാഡ് പിറ്റ് അവതരിപ്പിക്കുന്ന നായക കഥാപാത്രം ഒരു assassin ആണ്. ആളല്പം നിർഭാഗ്യവനാണെന്ന് സ്വയം കരുതുന്നു. കാരണം നിർഭാഗ്യം കൊണ്ട് മാത്രം സ്ഥിരമായി ഏറ്റെടുത്ത ജോലികളിൽ പരാജയപ്പെട്ടിട്ടുണ്ട് കക്ഷി. ഇത്തവണ ലേഡി ബഗ് എന്ന പുതിയ അപരനാമത്തിൽ പുതിയ ഒരു ജോലിയ്ക്ക് എത്തുകയാണ്, അതും ലോകത്തിലെ ഏറ്റവും വേഗതയുള്ള ബുള്ളറ്റ് ട്രെയിനിൽ വച്ചു നടക്കുന്ന ഒരു ജോലി. എന്നാൽ അതേ ട്രെയിനിൽ ലേഡി ബഗ് കൂടാതെ മറ്റ് നാല് assasins കൂടിയുണ്ട്. അവരിലൂടെയെല്ലാം സഞ്ചരിക്കുന്ന കഥപറച്ചിലാണ് സിനിമയുടെ രസം. ഗയ് റിച്ചി സിനിമകളായ സ്നാച്ച്, ലോക്ക് സ്റ്റോക്ക് & ടു സ്മോക്കിങ് ബാരൽസ്, റോക്ക് & റോള, ജന്റിൽമെൻ തുടങ്ങിയ സിനിമകളുടെ ഒരു template ആണ് ബുള്ളറ്റ് ട്രെയിനിനും. അൽപ്പം കിറുക്കത്തരം നിറഞ്ഞ തമാശകളും സ്റ്റണ്ടും ചേർന്ന രണ്ട് മണിക്കൂർ.

ആരോൺ ടെയ്ലർ ജോൺസൺ, ബ്രയൻ ഹെൻറി, ആൻഡ്രൂ കോജി, ഹിരോയൂക്കി സനാടാ, മൈക്കൽ ഷാനോൺ, ജോയി കിങ് എന്നിവർ തങ്ങളുടെ വേഷങ്ങൾ മികച്ചതാക്കി. സാന്ദ്ര ബുള്ളക്ക്, റയാൻ റെയ്നോൾഡ്സ്, ചാനിംഗ് ട്ടേറ്റം എന്നിവർ കാമിയോ റോളുകളിൽ എത്തി.

തിയേറ്റർ റിലീസിൽ നിന്ന് $250 മില്യൺ ( Worldwide Collections ) നേടിയ സിനിമ ഇപ്പോൾ ആമസോൺ പ്രൈമിൽ rent ന് ലഭ്യമാണ്.